പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7223 | 03.11.2011 ൽ മറുപടിക്ക് |
|---|---|

## നോർക്കയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബഹനാൻ<br>'' എ.ടി. ജോർജ്<br>'' എം.എ. വാഹീദ്<br>'' തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മുഴുവൻ പ്രദേശങ്ങളിലും നോർക്കയുടെ പ്രവർത്തനങ്ങൾസജീവമാക്കാൻ എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത്; | (എ) | നോർക്ക-റൂട്ട്സ് മേഖലാ ഓഫീസുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. തിരഞ്ഞെടുത്ത 12 ജില്ലാ ആസ്ഥാനങ്ങളിൽ മാസത്തിൽ നിശ്ചിത ദിവസങ്ങളിൽ അറ്റസ്റ്റേഷൻ സൗകര്യം നൽകിവരുന്നുണ്ട്. നോർക്ക-റൂട്ട്സ് തിരിച്ചറിയൽ കാർഡ് വിതരണവും, ധനസഹായ പദ്ധതികളുമായി ബന്ധപ്പെട്ട് അന്വേഷണങ്ങളും ജില്ലാ ആസ്ഥാനങ്ങളിൽ സംഘടിപ്പിക്കുന്നു. നോർക്ക റൂട്ട്സിന്റെ പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ ജില്ലകളിൽ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ട്. |
| (ബി) | എല്ലാ ജില്ലകളിലും നോർക്കയുടെ ഓഫീസുകൾ തുടങ്ങുമോ; | (ബി) & (സി) | കോട്ടയം, മലപ്പുറം, പത്തനംതിട്ട, കണ്ണൂർ, കാസർഗോഡ്, തൃശ്ശൂർ എന്നീ ജില്ലകളിൽ നോർക്ക റൂട്ട്സിന്റെ മുഴുവൻ സമയ ഓഫീസുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | | |

സെക്ഷൻഓഫീസർ